**പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ് തടയാൻ നടപടി**

60 [2810] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഏറ്റവും ഒടുവിൽ പെട്രോൾ, ഡീസൽ ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതുമൂലം ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) കേന്ദ്ര സർക്കാരിന്റെ സബ്സിഡികൾ ഏതൊക്കെ ഇനങ്ങളിലാണ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം തുടങ്ങിയവയ്ക്ക് സബ്സിഡി നൽകി വിലനിലവാരം പിടിച്ചുനിർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) & (ബി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവുമൂലം അമിതമായ വിലവർദ്ധനവും മറ്റ് പ്രത്യാഘാതങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സബ്സിഡിയിൽ കുറവു വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തൽക്കാലം പരിഗണനയിലില്ല.

**പാചകവാതക വിതരണത്തിലെ ക്രമക്കേടുകൾ**

61 [2811] *ശ്രീ. കെ. ബാബു*:
,, *സി. പി. മുഹമ്മദ്*:
,, *ബി. വിജയകുമാർ*:
,, *ടി. എൻ. പ്രതാപൻ*

*ഡോ. എം. എ. കുട്ടപ്പൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത് ദിവസത്തിൽ ഒരിക്കൽ മാത്രമേ പാചകവാതക സിലിണ്ടർ നൽകുകയുള്ളൂ എന്ന നിബന്ധന നിലവിലുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരമുള്ള നിബന്ധന വയ്ക്കുവാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇരുപതു ദിവസത്തിൽ കൂടുതൽകാലം ഒരു പാചകവാതക സിലിണ്ടർ ഉപയോഗിക്കുന്നവർ കൃത്യം ഇരുപതു ദിവസത്തിനുശേഷം വീണ്ടും പാചകവാതക

LIBRARY ARCHIVES Kerala Legislative Assembly

സിലിണ്ടർ വാങ്ങിയെന്ന് വ്യാജരേഖകളുണ്ടാക്കി പാചകവാതക സിലിണ്ടർ വിതരണത്തിൽ ക്രമക്കേട് നടത്തുന്നതായി പരാതി ഉയർന്നിട്ടുണ്ടോ;

(ഡി) ഇരുപതു ദിവസത്തിലധികംകാലം ഒരു പാചകവാതക സിലിണ്ടർ ഉപയോഗിക്കുന്നവർക്ക് കൃത്യമായി പാചകവാതക സിലിണ്ടർ സപ്ലൈ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) പാചകവാതക സിലിണ്ടറുകളുടെ ദുരുപയോഗം തടയുന്നതിനും യഥാർത്ഥ ഉപഭോക്താക്കൾക്കുതന്നെ കൃത്യമായി സിലിണ്ടറുകൾ ലഭിക്കുന്നതിനും വേണ്ടിയാണ് ഇത്തരത്തിലൊരു നിബന്ധന ഓയിൽ കമ്പനികൾ ഡീലർമാർക്ക് നൽകിയിരിക്കുന്നത്.

(സി) ചുരുക്കം ചില ഗ്യാസ് ഏജൻസികൾക്കെതിരെ ഇത്തരത്തിൽ പരാതി ഉയർന്നിട്ടുണ്ട്.

(ഡി) കൃത്യമായി പാചകവാതക സിലിണ്ടറുകൾ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ബുക്കു ചെയ്യുന്നതിന്റെ മുൻഗണനാക്രമം അനുസരിച്ച് ഉപഭോക്താക്കൾക്ക് പാചകവാതക സിലിണ്ടറുകൾ വിതരണം നടത്തണമെന്ന് ഗ്യാസ് ഡീലർമാർക്ക് കർശന നിർദ്ദേശങ്ങൾ നൽകുകയും ഗ്യാസ് ഏജൻസികളിൽ മിന്നൽ പരിശോധനകളും റെയ്ഡുകളും നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ, അനധികൃത ഗ്യാസ് സിലണ്ടറുകളുടെ ഉപയോഗം തടയുന്നതിന് ജില്ലാതലത്തിൽ പരിശോധനാസ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തി, നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**മാവേലി സ്റ്റോറുകളുടെ പ്രവർത്തനം**

62 [2812] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ കഴിഞ്ഞു; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഉപഭോക്താക്കളെ ആകർഷിച്ച് വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും കുറഞ്ഞ വിലയ്ക്ക് ഗുണമേൻമയുള്ള നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly